4. ഗ്രാമസഭകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു വേണ്ടി യൂത്ത് ക്ലബ്ബുകളും യുവജന സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുകയും അത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.

5. ജില്ലാ യുവജന കേന്ദ്രം വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുകയും മറ്റ് പരിപാടികളിൽ സജീവമായി സഹകരിക്കുകയും ചെയ്യുക.

6. ഭക്ഷ്യസുരക്ഷാ, സംരംഭകത്വം, വനിതാ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യരക്ഷ, ദേശീയ മൂല്യങ്ങളുടെ പരിപോഷിപ്പിക്കൽ തുടങ്ങിയ രംഗങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുക.

7. എല്ലാ മാസവും 5-ാം തീയതിക്കകം കഴിഞ്ഞ മാസത്തിന്റെ പ്രവർത്തന റിപ്പോർട്ട് പഞ്ചായത്ത് സെക്രട്ടറി മുഖാന്തരം ജില്ലാ യുവജന കേന്ദ്രങ്ങളിൽ എത്തിക്കുകയും എല്ലാ മാസവും 25-ാം തീയതിക്കകം അടുത്ത മാസത്തെ അഡ്വാൻസ് പ്രോഗ്രാം പ്ലാൻ പഞ്ചായത്ത് മുഖാന്തരം ജില്ലാ യുവജന കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുക.

(സി) എല്ലാ മാസങ്ങളിലും പഞ്ചായത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം സംബന്ധിച്ച് അതാത് ജില്ലകളിലെ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. അവർ കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം വിലയിരുത്തുകയും അതിൻപ്രകാരം അവരുടെ ഓണറേറിയത്തിനു വേണ്ടി ശിപാർശയും ചെയ്യുന്നു.

സ്പോർട്ട്സ് കിറ്റ്

217(2271) ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്ട്സ് കിറ്റ് നൽകുന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കായിക രംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വിപുലീകരിക്കുക, യുവജന ക്ലബ്ബുകൾക്കും സ്കൂളുകൾക്കും കായിക പ്രോത്സാഹനം നൽകുക, അതുവഴി ആരോഗ്യമുള്ള ഒരു യുവജനതയെ വാർത്തെടുത്ത് യുവാക്കളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) 2013-14 സാമ്പത്തിക വർഷം 12,12,752/- രൂപയുടെ സ്പോർട്സ് കിറ്റ് ടെണ്ടർ മുഖാന്തരം തിരുവനന്തപുരം ജില്ലയിലെ ജി.വി. രാജ സ്പോർട്സ് സ്കൂളിന് വാങ്ങി നൽകിയിരുന്നു. സ്പോർട്സ് കിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന യൂത്ത് ക്ലബ്ബുകളിൽ നിന്നും സ്കൂളുകളിൽ നിന്നും പത്രദ്വാരാ അപേക്ഷ ക്ഷണിക്കുകയും അതാത് ജില്ലാ ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവ തെരഞ്ഞെടുക്കുകയും ചെയ്തു. കായിക ഉപകരണങ്ങളുടെ വിതരണത്തിന് ഇ-ടെണ്ടർ മുഖേന മത്സരാടിസ്ഥാനത്തിൽ കമ്പനികളിൽ നിന്നും ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ടെണ്ടറുകളൊടൊപ്പം വിവിധ കമ്പനികൾ സമർപ്പിച്ച കായിക ഉപകരണങ്ങളുടെ സാമ്പിളുകളുടെ ഗുണനിലവാരം കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ടെക്നിക്കൽ ഓഫീസർ, ഫുട്ബോൾ-ക്രിക്കറ്റ്, ബാറ്റ്മിന്റൺ-കോച്ചുകൾ എന്നിവരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി വിദഗ്ധമായി പരിശോധിക്കുകയും ഗുണനിലവാരമുള്ളവ തെരഞ്ഞെടുക്കുകയും ആയത് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ ചെയർമാനും, കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ എക്സ്പെർട്ട് മെമ്പർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ടെക്നിക്കൽ ഓഫീസർ, മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളായ പർച്ചേയ്സ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരമുള്ള കായിക ഉപകരണങ്ങൾ സമർപ്പിച്ച കമ്പനികൾക്ക് സപ്ലൈ ഓർഡർ നൽകുകയും പ്രസ്തുത കമ്പനികൾ എല്ലാ ജില്ലാ യുവജനകേന്ദ്രങ്ങളിലും കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ജില്ലാ തലത്തിൽ കായിക ഉപകരണങ്ങളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly